**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ മരണമടഞ്ഞ മുത്തയ്യ എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ. സെൽവരാജ്.എം ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.88/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,09/07/2019.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.

2) സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004

3) ശ്രീ. സെൽവരാജ് എം.ന്റെ 11/11/2015 ലെ അപേക്ഷ.

4) സർക്കാറിന്റെ 03.11.2017 ലെ 290/ഇപിഎ 3/2017/തസ്വഭവ നം കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 31.03.2017, 03.01.2019 എന്നീ തീയതികളിലെ ഇ 14- 36368/16 നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ മരണമടഞ്ഞ മുത്തയ്യയുടെ മകനും ആശ്രിതനുമായ ശ്രീ സെൽവരാജ് എം.ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ 26.07.2012 ലാണ് മുത്തയ്യ മരണമടഞ്ഞത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 11.11.2015 ലാണ് ശ്രീ. സെൽവരാജ്.എം അപേക്ഷ സമർപ്പിച്ചത്. അപേക്ഷകന്റെ ജനനതീയതി 05.01.1975 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൾ 1 വർഷവും 4 മാസത്തെ കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ അശ്രിതൻ മൈനറാണെങ്കിൽ പ്രായ

പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകൻ 1 വർഷവും 4 മാസത്തിന്റെയും കാലതാമസം വരുത്തിയിട്ടുണ്ട്. പ്രായ പൂർത്തിയായി 3 വർഷത്തിനകം അപേക്ഷ നൽകിയിരിക്കണമെന്ന വിവരം തനിക്ക് അറിയില്ലായിരുന്നുവെന്നും വിട്ടിലെ അവസ്ഥ വളരെ ശോചനീയമാണെന്നും ആയതിനാൽ അപേക്ഷ നൽകുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും ശ്രീ. സെൽവരാജ്.എം. 15/12/2017 ലെ മാപ്പ് അപേക്ഷ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (2) പ്രകാരം ടിയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാനുണ്ടായ 1 വർഷവും 4 മാസത്തിന്റെയും കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീ. സെൽവരാജ്.എം, സെൽവഭവനം, M.S.L. തെന്മല പി.ഒ ,കൊല്ലം -691 308.
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/290/17/തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ